LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളീയ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും അതിൽ നിന്നും ഉടലെടുക്കുന്ന ഗുരുതരമായ ആരോഗ്യ സാമൂഹ്യപ്രശ്നങ്ങളും കണക്കിലെടുത്ത്, മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറയ്ക്കുന്നത് ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് 22-8-2014-ലെ ജി.ഒ.(എം.എസ്)139/2014/നി.വ. പ്രകാരവും 20-12-2014-ലെ ജി.ഒ.(എം.എസ്.) 205/2014/നി.വ. പ്രകാരവും പ്രഖ്യാപിച്ച് മദ്യനയത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്.

(ബി) മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യ നിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനനുസൃതമായ ഒരു മദ്യനയമാണ് സർക്കാർ വിഭാവന ചെയ്തിരിക്കുന്നത്. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യ ശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും ബോധവൽക്കരണ പ്രവർത്തന ങ്ങളിലൂടെ മദ്യവിമുക്തമാക്കി മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിനുള്ള പദ്ധതികളാണ് മദ്യനയത്തിൽ പ്രഖ്യാപിച്ച് നടപ്പാക്കി കൊണ്ടിരിക്കുന്നത്.

(സി) 2014-15 വർഷത്തിലെ അബ്കാരിനയത്തിലെ ആദ്യപടിയായാണ് പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ളവയുടെ ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും എഫ്.എൽ-1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10 ശതമാനം കുറയ്ക്കുന്നതിനും സർക്കാർ തീരുമാനമെടുത്തത്. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവിൽ നിയന്ത്രണം വരുത്തി നിയമവിധേയമായ മാർഗ്ഗങ്ങളിലൂടെ കൂടുതൽ മദ്യം കൈവശം വച്ച് കൈകാര്യം ചെയ്യാതിരിക്കാൻ, കൈവശം വയ്ക്കാവുന്ന വിവിധയിനം (ബിയർ, വൈൻ ഉൾപ്പെടെ) മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറയ്ക്കുകയും സൂര്യോദയം മുതൽ അർദ്ധരാത്രിവരെ പ്രവർത്തിച്ചു വന്നിരുന്ന ബാർ ഹോട്ടലുകളുടെയും ബിയർ വൈൻ പാർലറുകളുടെയും പ്രവർത്തന സമയം 5 മണിക്കൂർ കുറയ്ക്കുകയുമുണ്ടായി. യുവാക്കൾക്കിടയിലുള്ള മദ്യപാനാസക്തി നിയന്ത്രിക്കുന്നതിനായി മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18-ൽ നിന്നും 21 ആയി ഉയർത്തുകയുണ്ടായി. കൂടാതെ ദുഃഖവെള്ളിയാഴ്ചയും അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനവും ഡ്രൈഡേകളായി പ്രഖ്യാപിച്ചു.

ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള വിറ്റുവരവ്

228 (205) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടച്ചുപൂട്ടിയ ബാറുകൾ എത്ര; ഈ സർക്കാർ തന്നാണ്ടിൽ എത്ര ബിയർ-വൈൻ പാർലറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്;

(ബി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും സംസ്ഥാനത്ത് ബിയറും വൈനും വിറ്റഴിക്കപ്പെട്ടത് എത്ര കോടി വിറ്റുവരവോടുകൂടിയായിരുന്നു;

(സി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷത്തെയും ശരാശരി പ്രതിമാസ വൈൻ-ബിയർ വിറ്റുവരവ് എത്ര കോടി രൂപയുടേതുവീതമായിരുന്നു; വിശദമാക്കാമോ;

(ഡി) 2013-14 വർഷത്തെ അപേക്ഷിച്ച് 2015-16 വർഷത്തിൽ ബീവറേജസ് കോർപ്പറേഷൻ വഴിയുള്ള ബിയർ-വൈൻ വിറ്റുവരവ് എത്ര കോടി രൂപയുടേത് വീതമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 720 ബാറുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. തന്നാണ്ടിൽ (2015 ഏപ്രിൽ മുതൽ 2016 ജനുവരി വരെ) 18 ബിയർ/വൈൻ പാർലറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി) 2011-12-ൽ 647.49 കോടി രൂപയുടെയും 2012-13-ൽ 721.18 കോടി രൂപയുടെയും 2013-14-ൽ 801.14 കോടി രൂപയുടെയും 2014-15-ൽ 818.80 കോടി രൂപയുടെയും 2015-16-ൽ (2015 ഡിസംബർ വരെ) 1012.6 കോടിരൂപയുടെയും ബിയറും വൈനും സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ടിട്ടുണ്ട്.

(സി) 2011-12 മുതൽ 2015-16 വരെ സംസ്ഥാനത്ത് വിറ്റഴിച്ച ബിയറിന്റെയും വൈനിന്റെയും പ്രതിമാസ വിറ്റുവരവ് അനുബന്ധം-എ* ആയി ചേർത്തിട്ടുണ്ട്.

(ഡി) 2013-14 വർഷത്തിൽ 801.14 കോടി രൂപയുടെയും 2015-16 വർഷത്തിൽ (2015 ഡിസംബർ വരെ) 1012.60 കോടി രൂപയുടെയും വിറ്റുവരവ് ലഭിച്ചിട്ടുണ്ട്.

എക്സൈസിൽ നിന്നുള്ള വരുമാനം

229 (206) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസിൽ നിന്നുള്ള പ്രതിമാസ ശരാശരി വരുമാനം 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും എത്ര കോടി രൂപ വീതമായിരുന്നു എന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly